KERALA MUSEUM

JANAL Digital Archives

# പൊയ്കയിൽ അപ്പച്ചൻറെ പാട്ടുകൾ - ഒരു ആമുഖം

മിഷൽ മരിയ ജോൺസൺ

---

സംഗ്രഹം- പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ സ്ഥാപകനും ശ്രീമൂലം പ്രജാസഭയിലെ പ്രതിനിധിയുമായിരുന്ന പൊയ്കയിൽ അപ്പച്ചൻ ശക്തമായ ജാതിമത വിമർശനങ്ങൾക്ക് തൻറെ പാട്ടുകളെ ആയുധമാക്കി. ഈ പാട്ടുകൾ വാമൊഴിയായും പുസ്തകരൂപത്തിലും ഇന്നും വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. വിമോചനത്തെക്കുറിച്ചുള്ള ഭൗതികവും ആത്മീയവുമായ അപ്പച്ചൻറെ കാഴ്ച്ചപ്പാടുകളാണ് ഈ പാട്ടുകൾ.

*JANAL Archive is the Kerala Museum's digital canvas for exhibitions on the history of Kerala. Produced in Kochi, Kerala in partnership with the Geojit Foundation.*

Licensed under [Creative Commons Attribution-NonCommercial 4.0 International License (CC BY-NC 4.0)]

*JANAL Archive accessed via www.keralamuseum.org*

GEOJIT FOUNDATION

പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകൾ കേരളത്തിലെ സാംസ്കാരിക മണ്ഡലത്തിൽ വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമാണ്. അന്യമായിരുന്ന ജീവിതക്രമങ്ങൾ, ആശയധാരകൾ, സാമ്പത്തിക-സാമൂഹിക വിനിമയങ്ങൾ എന്നിവ അക്കാലഘട്ടത്തെ സംഘർഷഭരിതമാക്കി. ഈ സംഘർഷങ്ങൾക്കിടയിൽ തങ്ങളുടെ സ്വത്വത്തെ, ജീവിതത്തെ, ഓർമ്മകളെ, അനുഭവങ്ങളെ പ്രശ്നവൽക്കരിക്കാനും അതിൻറെ പ്രതിരോധ മൂല്യങ്ങളെ കണ്ടെടുക്കാനും പല നിലയ്ക്കും ശ്രമങ്ങളുണ്ടാകുന്നുണ്ട്. അക്കൂട്ടത്തിൽ പ്രത്യക്ഷ രക്ഷാദൈവസഭയുടെ മുന്നേറ്റത്തിനും പൊയ്കയിൽ അപ്പച്ചൻറെ പോരാട്ടങ്ങൾക്കും പ്രത്യേകസ്ഥാനമുണ്ട്.

പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ സ്ഥാപകനും ശ്രീമൂലം പ്രജാസഭയിലെ പ്രതിനിധിയുമായിരുന്ന പൊയ്കയിൽ അപ്പച്ചൻ (1878-1938) ശക്തമായ ജാതിമത വിമർശനങ്ങൾക്ക് തൻറെ പാട്ടുകളെ ആയുധമാക്കി. ഈ പാട്ടുകൾ വാമൊഴിയായും പുസ്തകരൂപത്തിലും ഇന്നും വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. വിമോചനത്തെക്കുറിച്ചുള്ള ഭൗതികവും ആത്മീയവുമായ അപ്പച്ചൻറെ കാഴ്ച്ചപ്പാട്ടുകളാണ് ഈ പാട്ടുകൾ.

മിഷണറി പ്രവർത്തനങ്ങളിലൂടെ കേരളീയ ജീവിതത്തിൽ പ്രചരിക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്ത ബൈബിളിനെ മുൻനിർത്തി കേരളത്തിൽ പ്രബലമായ ഒരു മതഘടനയെ, അതിൻറെ യുക്തികൾക്കൊണ്ടു തന്നെ വിമർശിക്കാനും പ്രതിരോധിക്കാനും അപ്പച്ചനു സാധിച്ചു. മതപ്രസംഗങ്ങൾ, അനുഭവാഖ്യാനങ്ങൾ എന്നിവ വഴി തൻറെ ആശയങ്ങൾ ജനകീയമാക്കിയ അപ്പച്ചൻറെ പാട്ടുകൾക്ക് പിൽക്കാലത്ത് സാഹിത്യ പഠനത്തിലും സ്വീകാര്യത ലഭിച്ചിട്ടുണ്ട്.

1879- 1939 കാലഘട്ടത്തിൽ ജീവിച്ച പൊയ്കയിൽ അപ്പച്ചൻറെ പാട്ടുകൾ പല തലമുറകളിലായി പാടിപ്പാടി കൈമാറി വന്നതും പിന്നീട് പ്രത്യക്ഷരക്ഷാ ദൈവസഭയുടെ പ്രവർത്തനങ്ങളോട് ചേർത്ത് ശേഖരിക്കപ്പെട്ടതുമാണ്.ഈ പാട്ടുകളെ മുൻനിർത്തി ഇവയിലൂടെ അവതരിപ്പിക്കപ്പെടുന്ന ബൈബിൾ അന്തരീക്ഷത്തെ കണ്ടെടുക്കുമ്പോൾ പ്രാദേശികമായ തങ്ങളുടെ ജീവിതക്രമത്തിലേയ്ക്ക് അപരമായ ഒരു കൃതിയെ വിവർത്തനം ചെയ്തെടുക്കലാണ് - അതിനെ വായിച്ചുകൊണ്ടും ഒപ്പം അതിനെ നിഷേധിച്ചു കൊണ്ടും - അപ്പച്ചൻറെ പാട്ടുകൾ ചെയ്യുന്നതെന്ന് മനസ്സിലാക്കാം.

ബൈബിൾ എന്ന കൃതി കേരളീയമായ സാംസ്കാരിക പരിസരത്തേയ്ക്ക് കടന്നു വരുന്നത് പോർട്ടുഗീസുകാരുടെ വരവോടെയാണ്. എന്നാൽ, ജൂതപ്പാട്ടുകളിലൂടെ തന്നെ ബൈബിളിൻറെ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് ഡോ.സ്കറിയ സക്കറിയ നിരീക്ഷിക്കുന്നു(2019:233). ഈ അന്തരീക്ഷനിർമ്മിതി പല കാലങ്ങളിലായി പല തരത്തിൽ കേരളീയജീവിതത്തിൽ തുടരുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടോടെ ഏറെക്കുറെ കേരളീയ ജീവിതത്തിൻറെ എല്ലാ പരിസരങ്ങളിലേയ്ക്കും ഇത് വ്യാപിക്കുന്നുമുണ്ട്. ഉദാഹരണത്തിന്, നേരിട്ടുള്ള ബൈബിൾ വിവർത്തനങ്ങളെക്കൂടാതെ, അച്ചടിക്കപ്പെട്ട സംഗ്രഹങ്ങളായും സാരോപദേശകഥകളായും പ്രാർത്ഥനാപ്പുസ്തകങ്ങളായും ബൈബിളിൻറെ ഉള്ളടക്കം വായനാസമൂഹത്തിലെത്തുന്നുണ്ട്. എന്നാൽ, ബൈബിൾ സ്വാംശീകരണ ചരിത്രത്തിൽ ഇത്തരം അച്ചടിരൂപങ്ങളോടൊപ്പമോ അവയെക്കാളധികമോ പൊതു സമൂഹത്തിൽ സ്വാധീനം ചെലുത്തിയത് ചില വാമൊഴി രൂപങ്ങളാണെന്ന് കാണാം. വിദേശമിഷണറിമാരും തദ്ദേശമിഷണറിമാരും ജനങ്ങൾക്കിടയിൽ നടത്തിയ മതപ്രസംഗങ്ങളാണ് ക്രിസ്തുമത സ്വീകരണത്തിന് വലിയ തോതിൽ വഴി തുറന്നത്. പ്രചാരമുള്ള മറ്റൊരു ആഖ്യാനശാഖ പാട്ടുകളുടേതാണ്.പല കാലങ്ങളിൽ പാടി പ്രചരിക്കപ്പെട്ട ഈ പാട്ടുകൾ ബൈബിളിലെ കഥകളും സന്ദർഭങ്ങളും മാത്രമല്ല, ചുറ്റുമുള്ള ജീവിത യാഥാർത്ഥ്യങ്ങളോട് ചേർന്നു നിൽക്കുന്ന അനുഭൂതികളും പങ്കുവച്ചു.

എന്തിനെയാണ് പൊയ്കയിൽ അപ്പച്ചൻറെ പാട്ടുകൾ ആഖ്യാനം ചെയ്യുന്നത്? പുരാണ കഥകളോ മിത്തുകളോ വാമൊഴിപ്പാട്ടുകളായി പ്രചരിച്ചിരുന്ന, പരമ്പരാഗതമെന്ന് കരുതപ്പെട്ട കേരളീയ സമ്പ്രദായത്തെ ഉപേക്ഷിച്ചുകൊണ്ടാണ് അനുഭവാവിഷ്കരണമായ ഈ പാട്ടുശാഖ അപ്പച്ചൻ അവതരിപ്പിക്കുന്നത്. വൈയക്തികമായ അനുഭവങ്ങൾ, ആലോചനകൾ, ജീവിതങ്ങൾ ഈ പാട്ടുകളിൽ പ്രാധാന്യം നേടുന്നു. ഈ വ്യക്ത്യനുഭവങ്ങൾ സാമൂഹിക അനുഭവങ്ങളായി തിരിച്ചറിയപ്പെടുന്നു. ഈ പാട്ടുകളിൽ ആഖ്യാനത്തിൻറെ ഉപാധിയോ പശ്ചാത്തലമോ ആയിട്ടാണ് ബൈബിൾ കടന്നു വരുന്നത്.

കഥകൾ, സംഭവവിവരണങ്ങൾ, വംശാവലികൾ, പാട്ടുകൾ, ഐതിഹ്യങ്ങൾ എന്നിങ്ങനെ പലതരം രൂപങ്ങൾ കടന്നു വരുന്ന ഇടമാണ് ബൈബിൾ. പലതരം പുസ്തകങ്ങളുടെ ഒരു സമാഹാരം എന്നതാണ് ബൈബിളിൻറെ അടിസ്ഥാനസ്വഭാവം. ഇങ്ങനെ ബൃഹത്തായ ഒരു കൃതിയോടുള്ള പലതരം ഇടപെടലുകൾ അപ്പച്ചൻറെ ആഖ്യാനത്തിലുണ്ട്. ബൈബിളിൻറേതെന്ന് തോന്നിപ്പിക്കുന്ന വാക്കുകൾ, പദാവലികൾ, ഭാഷാശൈലി തുടങ്ങി ഐതിഹ്യങ്ങൾ, ആശയങ്ങൾ, ആദർശങ്ങൾ വരെ ഈ പാട്ടുകളിൽ കണ്ടെടുക്കാം.

അതിലേറ്റവും വ്യക്തമായതും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമായ ഒന്ന് പൊയ്കയിൽ ഗാനങ്ങളിൽ ബൈബിളിൻറെ പഴയനിയമഭാഗത്തിന് ലഭിച്ചിട്ടുള്ള പ്രാധാന്യമാണ്. ബൈബിളിനെ ക്രിസ്തുവിൻറെ വരവിനെ ആധാരമാക്കി പഴയതെന്നും പുതിയതെന്നും തിരിച്ചിട്ടുണ്ട്. ഇതിൽ ക്രിസ്തു ജനിക്കുന്നതിന് മുൻപുള്ള പ്രവാചകന്മാരുടേയും രക്ഷകനെ കാത്തിരിക്കുന്ന ജനതയുടേയും കഥകളുള്ള ഭാഗമാണ് പഴയ നിയമം. അടിമകളായ ജനം തങ്ങളുടെ അടിമത്തത്തിൽ നിന്ന് തങ്ങളെ മോചിപ്പിക്കാനെത്തുന്ന രക്ഷകനെ കാത്തിരിക്കുകയാണ് ഇവിടെ. അടിമത്തിൽ കഴിയുന്ന അനാഥരായ ജനതയുടെ ചിത്രം അപ്പച്ചൻറെ പാട്ടുകളിൽ പലതവണ കടന്നു വരുന്നുണ്ട്. ജനതയും തലമുറയും വംശവും ഈ പാട്ടിൻറെ പശ്ചാത്തലമായി നിൽക്കുന്ന പരികൽപ്പനകളാണ്.

"നാനാജാതിമതസ്ഥരീവിധം ചെയ്‌വതെന്ന്

നായകനുമില്ലാതെ നാലുപാടും അലഞ്ഞു

നാറ്റപ്പെട്ടവരായി നാടെങ്ങും താറുമാറായി

നാട്ടിൽ വസിപ്പതിനൊരിടവുമില്ലാതെയായി" (176:201).

പഴയ നിയമത്തിൽ നിന്നുള്ള നോഹയുടെ പെട്ടകം എന്ന സങ്കൽപ്പത്തെ പാട്ടുകളിൽ കാണാം.

> "കൊന്നയും കോമാവ് കാഞ്ഞിരം വഞ്ചി
>
> മന്ദമരുതി ഉതി മാതളം തേമ്പാവ്
>
> ഇരുപ്പകരുന്താളി
>
> ഇരുമാച്ചി പുളിമാവ് കരിവാക വാക
>
> മരുതോന്നി കുളിമാവ് ചെറുനെല്ലി വില്ല്
>
> ഉന്നമഞ്ചാടി ഉതി മാതളം വേമ്പ്
>
> അതിവേമ്പ് ഇതിവേമ്പ് ഇലവുമ്മപാല
>
> വമ്പൻമുരിങ്ങ പൊങ്ങ് തെങ്ങ് അമ്പഴവും
>
> ഇത്യാദിവൃക്ഷങ്ങളിൽ നിന്ന് ഗോഫേറന്നുകണ്ട്
>
> തിട്ടമായിട്ടങ്ങുവെട്ടിയങ്ങിട്ടു

വള്ളിതുളവെട്ടി ആനവലിച്ച

ചാണിട്ടുതോതിട്ടു നൂലിട്ടെടുത്തു

ആശാരിമാരൊക്കെ കൂടോടെ കേറി

കൊട്ടുവടിയടിക്കുന്ന ശബ്ദമൊട്ടേറെ

കേളിപേശീടുന്ന കാണികളേറെ

ഒട്ടേറെ തച്ചന്മാർ കള്ളക്കണക്കിട്ടു

ഒട്ടേറെ തച്ചന്മാർ കള്ളപ്പണി പണിതു

പെട്ടിയുടെ പണി തൽക്ഷണം തീർന്നു

സമ്മാനങ്ങളും കൊടുത്തു പിരിഞ്ഞു.

നിശ്ചയിക്കപ്പെട്ടവർ പെട്ടിയിൽ കേറി

പെട്ടിയുടെ വാതിൽ യഹോവ അടച്ചു

ആകാശത്തിൻ ജലദ്വാരം തുറന്നു

ഭൂമിയുടെ ജലദ്വാരം തുറന്നു

മഴ തുടങ്ങി

ഇതെന്തുകഷ്ടം ഇതെന്തുകഷ്ടം"(159-160:2010).

നോഹയുടെ പെട്ടകവും രക്ഷയെ സംബന്ധിച്ച സൂചനയാണ്. എന്നാൽ ആ രക്ഷയെ ചോദ്യം ചെയ്യുകയാണ് അപ്പച്ചൻറെ പാട്ട് എന്ന് വി.വി.സ്വാമി, ഇ.വി.അനിൽ എന്നിവർ അഭിപ്രായപ്പെടുന്നു."പ്രളയം വിരുദ്ധോക്തിയിൽ (ഐറണി) ഇവിടെ ആഖ്യാനം ചെയ്യപ്പെടുന്നു. അധമജനതകളെപ്പോലെ പാഴ് വൃക്ഷങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള പെട്ടകനിർമ്മാണത്തെ വിമർശിക്കുകയാണിവിടെ. നിശ്ചയിക്കപ്പെട്ടവരെ മാത്രമേ പെട്ടകത്തിൽ പ്രവേശിപ്പിച്ചുള്ളൂ എന്ന പരാമർശത്തിൽ ഒരു യഹോവ വിമർശനം ഉള്ളടങ്ങിയിരിക്കുന്നു" (159: 2010)

പരിസ്ഥിതിയുടേയും തൊഴിലിടങ്ങളുടേയും പ്രാദേശിക സൂചനകൾ ഈ പാട്ടിലുടനീളം കടന്നു വരുന്നു. ഇങ്ങനെ, താൻ കണ്ടും കേട്ടും കൊണ്ടും അറിഞ്ഞ ഇടങ്ങളെയും അനുഭവങ്ങളെയും ബൈബിളിലുള്ള കഥകളോടോ ചിഹ്നങ്ങളോടോ സങ്കൽപ്പങ്ങളോടോ ചേർത്ത് പാട്ടിലൂടെ അവതരിപ്പിക്കുമ്പോൾ ആ അനുഭവങ്ങൾക്ക് സാർവത്രിക മൂല്യം കൈവരുന്നു. ഇവിടെ ആഖ്യാനത്തിനുള്ള ഒരു ഉപാധിയാണ് ബൈബിളിൻറെ പശ്ചാത്തലം. അത് ഇന്നാട്ടിലെ ആളുകൾക്ക് അന്യമാണ് എന്ന തോന്നലല്ല, മറിച്ച് അനുഭവസ്ഥർക്ക്, ഇവിടുത്തെ തദ്ദേശീയരായ, ഏറ്റവും നിസ്സഹായരായ ജനതയ്ക്ക് ഈ പാട്ടിനെ തിരിച്ചറിയാൻ പറ്റുമെന്ന ഉറപ്പ് അപ്പച്ചനുണ്ട്.ഒരു തരത്തിൽ, ബൈബിളിൻറെ ഏറ്റവുമടുത്ത വായനക്കാരൻ ആകുന്നുണ്ട് അപ്പച്ചൻ. ഈ വായന കേവലമായ ഒന്നല്ല, തിരുത്തിയും നിഷേധിച്ചും തന്നെ

തുടരുന്നതാണ്."യഹോവ എന്ന പറച്ചിൽ ഈ ജനത അപ്പച്ചൻ എന്ന് കേട്ടു. ജോർദ്ദാൻ നദിയ്ക്ക് മണിമലയാറെന്നോ പമ്പാനദിയെന്നോ അർത്ഥം മാറ്റി.... (156)

നഷ്ടപ്പെട്ടു പോയ ജനതയെ കൂട്ടിയോജിപ്പിക്കൽ, അടിമത്തത്തിൽ നിന്ന് മോചനം വാഗ്ദാനം ചെയ്യൽ തുടങ്ങി അപ്പച്ചൻറെ പ്രവർത്തനങ്ങൾക്ക് ബൈബിളിൻറെ പല ആശയലോകങ്ങളുമായി ബന്ധമുണ്ട്. രക്ഷകനെന്ന വാക്കും അതുണ്ടാക്കുന്ന പ്രതീതിയും പൊയ്കയിൽ അപ്പച്ചനെ കുറിച്ചുള്ള പാട്ടുകളിൽ ആവർത്തിച്ച് കാണാം.

"സകലർക്കും കീഴിൽ ഞാനടിമപ്പെട്ടതു കണ്ടു

സ്വന്തശരീരത്തെ മറച്ചുവെച്ചു - എൻ

അടിമശരീരമൊരുടുപ്പായി ധരിച്ചുകൊ-

ണ്ടിറങ്ങി ഈ ഭൂവിടത്തിൽ" (204: 2010)

കേരളത്തിലെ അടിമത്തവ്യവസ്ഥിതിയെക്കുറിച്ചുള്ള ആഖ്യാനങ്ങൾ സമീപകാലത്താണ് പല നിലയ്ക്കും ചർച്ച ചെയ്യപ്പെടുന്നത്. കേരളത്തിലെ അടിമത്തത്തിൻറെ സങ്കീർണ്ണതകളെ പല നിലയ്ക്ക് ആലോചിക്കാൻ മിഷണറി രേഖകളും അതിൽ ഉൾപ്പെടുത്തിയിട്ടുള്ള തെളിവുകളും സഹായകമായിരുന്നു. അതിന് സമാനമായിട്ടാണ് പൊയ്കയിൽ പാട്ടുകളും പഠനപ്രസക്തി കൈവരിക്കുന്നത്. "ചരിത്രപാഠപുസ്തകങ്ങൾ അദൃശ്യമാക്കിയ കേരളത്തിലെ ദളിതരുടെ അടിമത്താനുഭവങ്ങളുടെ വാങ്മയാവിഷ്കാരമാണ് ഈ പാട്ട് "(39:2011). അടിമത്തത്തിൻറെ അനുഭവചിത്രങ്ങൾ പാട്ടുകളിൽ പലപ്പോഴും കടന്നു വരുന്നു. മാതാപിതാക്കളിൽ നിന്ന് വേർപ്പെട്ട മക്കൾ, മക്കളിൽ നിന്നും പങ്കാളികളിൽ നിന്നും വേർപെടുന്നവർ, കാളകൾക്കും പോത്തുകൾക്കും ഇണയായി കൂട്ടിക്കെട്ടിയവർ, പട്ടിയെ കൊല്ലുംപോലെ കൊല്ലപ്പെട്ട, കാളയെ വിൽക്കും പോലെ വിൽക്കപ്പെട്ട പ്രിയപ്പെട്ടവർ എന്നിങ്ങനെ സാമൂഹിക യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന അനുഭവചിത്രങ്ങളാണ് പാട്ടുകളിൽ തെളിയുന്നത്.

"അടിമവേലകൾ ചെയ്തു

ഇടയില്ലാതടിയേറ്റു

കഷ്ടപ്പെട്ടു വലഞ്ഞേ

താതനെ ഒരിടത്തും

മാതാവേ വേറിടത്തും

കുട്ടികൾ അനാഥരായ്

മഴ മഞ്ഞു വെയിലേറ്റു

ഒട്ടേറെ വലഞ്ഞവർ

ഭക്ഷണം കിട്ടുന്നില്ല...."(162:2010)

ഇങ്ങനെ ജാതി ഉറപ്പിച്ചെടുത്ത അടിമത്തത്തെയും അതിൻറെ സ്വാഭാവികതയെയും ചോദ്യം ചെയ്യാൻ ബൈബിളിൽ നിന്ന് കണ്ടെടുക്കുന്ന ഫ്രെയിമുകളും അതിൻറെ ആശയലോകം പരിചയപ്പെടുത്തിയ മാനവികതയും പൊയ്കയിൽ പാട്ടുകൾ ഉപയോഗിക്കുന്നു.

"ഉർവ്വിയും ആകാശവും

അവസാനിക്കുവോളം നമ്മെ

സർവ്വരാലും ഈ വിധം

പഴിച്ചീടുവാനായ്

സർവ്വത്തെയും ആകൃതി

പ്പെടുത്തിയ ദൈവം ഇന്ന്

ഉർവ്വിയിലനുവദി

ച്ചീടുവതെങ്ങനെ"(159:2010)

പൊയ്കയിൽ അപ്പച്ചൻറെ പാട്ടുകളെ മുൻനിർത്തി അവയെ പ്രാദേശികമായ ഒരു ബൈബിൾ വായനയുടെ ഉൽപ്പന്നമാണെന്നും അതേ സമയം പകർപ്പല്ല ഒരു അന്യ പാഠമാണെന്നും പറയുന്നതിലൂടെ അത് നിൽക്കുന്ന വിരുദ്ധ - എതിർനില പ്രധാനമാകുന്നു. കാരണം, പൊയ്കയിൽ പ്രസ്ഥാനവും അപ്പച്ചനും ക്രിസ്തുമതത്തോടും അതിൻറെ ആഖ്യാനങ്ങളോടും സ്വീകരിച്ച വിമർശങ്ങളാണ് ഈ പാട്ടുകളുടെ പ്രാദേശികസ്വത്വത്തെ പ്രകാശിപ്പിക്കുന്ന ഘടകം. ഇത്തരമൊരു ആഖ്യാനം രൂപപ്പെട്ടു വന്ന കാലഘട്ടത്തെയും അതിൻറെ പരിസരങ്ങളെയും ഈ പാട്ടുകൾ പ്രതിഫലിപ്പിക്കുന്നുണ്ട്.നിലച്ചുപോയ ദൈവശബ്ദം എന്നാണ് ബൈബിളിനെ (43:2011) വിശേഷിപ്പിക്കുന്നത്. അതോടുകൂടി, ക്രിസ്തീയതയുടെ ആദർശങ്ങളെ കേരളീയജീവിതത്തിലേയ്ക്ക് അത്രയെളുപ്പത്തിൽ വിവർത്തനം ചെയ്യുക സാധ്യമല്ലെന്ന് വരുന്നു.ക്രൈസ്തവ സഭകളെ മതമെന്നതിനപ്പുറം യഹൂദൻറെ ദൈവവ്യവസ്ഥ എന്ന നിലയിലാണ് പി ആർ ഡി എസ് പരിഗണിച്ചത്( 24-25: 2010).കേവലം ക്രിസ്തുമതവിമർശനമായിട്ടില്ല പൊയ്കയിൽ കൂട്ടത്തിൻറെ ആശയലോകം നിലനിൽക്കുന്നതെന്നും അതിന് ക്രിസ്തുമതത്തിൻറെ പല പിളർപ്പുകളിൽ ഒന്ന് എന്ന നിൽപ്പ് സാധ്യമല്ലെന്നും സഭാപ്രവർത്തകർ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.ക്രിസ്തുമതത്തിലെ ജാതിയല്ല, ക്രൈസ്തവ ദർശനങ്ങളോടുള്ള വിയോജിപ്പാണ് സംഘടനയുടെ പ്രധാന വ്യതിരിക്തത എന്ന് പാട്ടിനെ മുൻനിർത്തിയുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നു.

അടിമത്തം, ജാതി തുടങ്ങിയ വിഷയങ്ങൾ സാമൂഹിക വ്യവഹാരത്തിനുള്ളിൽ എതിർക്കപ്പെടുകയോ ചോദ്യം ചെയ്യപ്പെടുകയോ ചെയ്തത് കൊളോണിയലായ ഒരു വ്യവസ്ഥയുടെ ഇടപെടലോടുകൂടിയാണ്. അതുവരെ നിലനിന്നിരുന്ന വ്യവസ്ഥയുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ, തിരിച്ചറിയാൻ ഈ ഇടപെടലിലൂടെ സാധിച്ചിട്ടുണ്ട്. ഒരു ജനത്തിൻറെ ഇടയിൽ ഇത്തരമൊരു അവബോധം ഉണ്ടാക്കിയെടുക്കാൻ ബൈബിൾ ഒരു ഉപാധിയായി പ്രവർത്തിക്കുന്നുമുണ്ട്. സ്വാതന്ത്ര്യം, സാഹോദര്യം, കുടുംബം, വേലയും അതിൻറെ

ക്കുലിയും, തുടങ്ങി ആധുനികത മുന്നോട്ടുവയ്ക്കുന്ന പല ആശയങ്ങളും ഇവിടെ കടന്നുവരുന്നുണ്ട്. ഒരുതരത്തിൽ, കേരളീയതയും ക്രിസ്തീയതയും തമ്മിലുള്ള സംവാദത്തിൻറെ അന്തരീക്ഷം കൂടിയാണ് ഈ പാട്ടുകൾ സൃഷ്ടിക്കുന്നത്.കേരളീയമായ ഒരു പരിസരത്തേയ്ക്ക് കൂടുതൽ മികച്ചതെന്നോ മാതൃകയെന്നോ കരുതപ്പെടുന്ന ഒന്നിനെ സ്ഥാപിച്ചെടുക്കാനുള്ള കൊളോണിയൽ ശ്രമത്തെ വിമർശനാത്മകമായി സമീപിക്കുക കൂടിയാണ് ഈ പാട്ടുകൾ. “കൊളോണിയൽ ആധുനികതയ്ക്കകത്ത് മതം നൽകുന്ന വിമോചനത്തിന്റേതായ ചട്ടക്കൂട് എത്രമാത്രം വിമോചനത്തിന് ഉപയുക്തമാണ് എന്നതിനെക്കുറിച്ച് അപ്പച്ചൻ സംശയാലുവായിരുന്നു എന്നതാണ് പ്രധാനം" എന്ന് ടി.ടി.ശ്രീകുമാർ നിരീക്ഷിക്കുന്നുണ്ട് (47:2023). മതവിമർശനത്തിന്റെയും ജാതി വിമർശനത്തിന്റെയും അക്കാലത്തെ ചരിത്രശേഷിപ്പുകളായി അപ്പച്ചൻ പാടിയതും പലരിലൂടെ പകർന്നതുമായ ഈ പാട്ടുകൾ ഓരോന്നും, ശൈലിയിൽ തന്നെ - ഉപയോഗിക്കുന്ന വാക്കുകൾ ഉൾപ്പടെ കേരളചരിത്രത്തിൽ ഇന്നും അധികം ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ഒരു അനുഭവ പരിസരത്തെയാണ് അവതരിപ്പിക്കുന്നത്.

---

ഗ്രന്ഥസൂചി

അപ്പച്ചൻ പൊയ്കയിൽ, 2011, പ്രത്യക്ഷരക്ഷാ ദൈവസഭാ പാട്ടുകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

സ്കറിയ സക്കറിയ,2019, മലയാള വഴികൾ സ്കറിയ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

സ്വാമി വി.വി., അനിൽ ഇ.വി., 2010, പ്രത്യക്ഷ രക്ഷാ ദൈവസഭ ഓർമ്മ പാട്ട് ചരിത്ര രേഖകൾ, ആദിയർദീപം പബ്ലിക്കേഷൻസ്, തിരുവല്ല.

Sanal Mohan P.,2015, Modernity of Slavery, Oxford university press, London.

ശ്രീകമാർ ടി.ടി., 2023, 'കൊളോണിയൽ ആധുനികതയുടെ സന്ദർഭവും ജാതിവിരുദ്ധതയുടെ ചരിത്രവും'(ലേഖനം), ആദിയർദീപം 2023 ഫെബ്രുവരി ആത്മീയപ്പതിപ്പ്.